"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - എറണാകുളം ജില്ലയിൽ മൂവാറ്റുപ്പുഴയിൽ പ്രവർത്തിക്കുന്ന തർബിയത്തുൾ ഇസ്ലാം യത്തീംഖാന എന്ന സ്ഥാപനത്തിൽ അന്തേവാസിയായിരുന്ന ശ്രീ.അജ്മൽ ഖാനു ടിയാന്റെ ബി.എസ്.സി. (എം.എൽ.റ്റി.) കോഴ്സിന്റെ 2, 3 അക്കാദമിക വർഷങ്ങൾക്ക് വിദ്യാഭ്യാസ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

G.O.(Rt)No.4/2026/SJD തീയതി,തിരുവനന്തപുരം, 03-01-2026

---

പരാമർശം:-

1. 24.04.2013-ലെ സ. ഉ. (എം.എസ്) നം. 32/2013/എസ്.ജെ.ഡി. സർക്കാർ ഉത്തരവ്.
2. ഇടുക്കി ജില്ലയിലെ പൈനാവ് സ്വദേശിയായ ശ്രീ.അജ്മൽ ഖാന്റെ 18.02.2025, 27.08.2025 എന്നീ തിയതികളിലെ അപേക്ഷകൾ.
3. കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ മെമ്പർ സെക്രട്ടറിയുടെ 29.01.2025, 28.03.2025, 19.08.2025 എന്നീ തിയതികളിലെ എസ്.ജെ.ഡി/315/2025-ഒ.സി.ബി.1. നമ്പർ കത്തുകൾ.
4. സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 24.09.2025-ലെ എസ്.ജെ.ഡി/186/2025-ജി.2. നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

അനാഥാലയങ്ങളിൽ സംരക്ഷിക്കപ്പെടുന്ന അന്തേവാസികൾക്ക് തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസം ഉൾപ്പെടെയുള്ള ഉന്നത പഠനത്തിന് സാമ്പത്തിക സഹായം നൽകുന്ന പദ്ധതി രൂപീകരിച്ച് കൊണ്ട് പരാമർശം-1 സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിൻ പ്രകാരം എറണാകുളം ജില്ലയിൽ മൂവാറ്റുപ്പുഴയിൽ പ്രവർത്തിക്കുന്ന തർബിയത്തുൾ ഇസ്ലാം യത്തീംഖാന എന്ന സ്ഥാപനത്തിൽ അന്തേവാസിയായിരുന്ന ഇടുക്കി ജില്ലയിലെ പൈനാവ് സ്വദേശിയായ ശ്രീ.അജ്മൽ ഖാനു ടിയാന്റെ ബി.എസ്.സി. (എം.എൽ.റ്റി.) കോഴ്സിന്റെ 1-ാമത്തെ അക്കാദമിക വർഷത്തിന്റെ പഠനാർത്ഥം സർക്കാർ ധനസഹായം ലഭിച്ചിരുന്നുവെന്നും, എന്നാൽ ടിയാന്റെ പ്രസ്തുത കോഴ്സിന്റെ 2, 3, 4 എന്നീ അക്കാദമിക വർഷങ്ങളിലെ പഠനാർത്ഥമുള്ള ധനസഹായം നാളിതുവരെ ലഭിച്ചിട്ടില്ലെന്നും, ആയത് അനുവദിക്കണമെന്നും അഭ്യർത്ഥിച്ച് ശ്രീ.അജ്മൽ ഖാൻ സർക്കാരിൽ പരാമർശം 2-പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

2. സാമൂഹ്യനീതിവകുപ്പ് വിഭജനത്തെതുടർന്ന് ഓർഫനേജുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ധനസഹായം വനിത ശിശു വികസന വകുപ്പിലേയ്ക്ക് മാറിയതുകൊണ്ടാകാം ടിയാൾക്ക് ധനസഹായം ലഭിക്കാതിരുന്നതെന്നും മുൻപ് ടി ധനസഹായം അനുവദിച്ചിരുന്ന 2235-02-104-98- 36-നോൺ പ്ലാൻ

എന്ന ശീർഷകം നിലവിൽ ഇല്ലെന്നും, ഓർഫനേജ് കൺട്രോൾ ബോർഡ് അംഗീകാരം ഉണ്ടായിരുന്ന കാലയളവിൽ ധനസഹായം നല്കുന്നതിനു തടസമില്ലെന്നും, ശ്രീ.അജ്മൽ ഖാനു 2, 3 എന്നീ അക്കാദമിക വർഷങ്ങളിലെ പഠനാർത്ഥമുളള ധനസഹായമായി 2,42,555/- രൂപ അനുവദിക്കേണ്ടത് ഏത് ശീർഷകത്തിൽ നിന്നാണെന്ന് വ്യക്തമാക്കി സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കണമെന്നും പരാമർശം 3-പ്രകാരം കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ മെമ്പർ സെക്രട്ടറി റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിൽ മൂവാറ്റുപ്പുഴയിൽ പ്രവർത്തിക്കുന്ന തർബിയത്തുൾ ഇസ്ലാം യത്തീംഖാന എന്ന സ്ഥാപനത്തിലെ അന്തേവാസിയായിരുന്ന ഇടുക്കി ജില്ലയിലെ പൈനാവ് സ്വദേശിയായ ശ്രീ.അജ്മൽ ഖാൻ ബി.എസ്.സി എം.എൽ.റ്റി ചെയ്തിരുന്ന 2019-2023 കാലഘട്ടത്തിൽ ഉൾപ്പെടുന്ന 2022 വരെ കേരള സംസ്ഥാന ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുണ്ടായിരുന്നതിനാൽ ടിയാന്റെ 2, 3 അക്കാദമിക വർഷങ്ങളിലെ വിദ്യാഭ്യാസ ധനസഹായമായ 2,42,555/-രൂപ (രണ്ട് ലക്ഷത്തി നാൽപ്പത്തിരണ്ടായിരത്തി അഞ്ഞൂറ്റി അൻപത്തി അഞ്ച് രൂപ മാത്രം) 2025-2026 സാമ്പത്തിക വർഷത്തെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ 2235-02-104-89-00-36-00-നോൺ പ്ലാൻ-Orphanage Control Board - Non salary ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUSAN LOPEZ
JOINT SECRETARY

ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ,
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ/ ഓഡിറ്റ്) കേരളം, തിരുവനന്തപുരം
ധനകാര്യ (വെൽഫെയർ വിംഗ്) വകുപ്പ് (05.12.2025-ലെ 3162304/
ഡബ്ല്യൂ.ഡബ്ല്യൂ-ഡബ്ല്യൂ.ഡബ്ല്യൂ2./85/2025-ധന നമ്പർ കുറിപ്പ് പ്രകാരം)
ഇൻഫർമേഷൻ ഓഫീസർ, വെബ് ആന്റ് ന്യൂ മീഡിയ ഡിവിഷൻ,
വിവര പൊതുജന സമ്പർക്ക വകുപ്പ്,
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 03-01-2026 15:28:56